## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4905 — 23.03.2018-ൽ മറുപടിക്ക്

### മാനസിക അസ്വാസ്ഥ്യമുള്ള ആദിവാസികൾക്കും മറ്റ് പട്ടിക വിഭാഗക്കാർക്കും ചികിത്സ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | മാനസിക അസ്വാസ്ഥ്യം മൂലം അലഞ്ഞ് തിരിഞ്ഞു നടക്കുന്ന ആദിവാസികളെയും മറ്റ് പട്ടിക വിഭാഗക്കാരെയും കണ്ടെത്തി ചികിത്സ നൽകി സംരക്ഷിക്കുന്നതിന് വകുപ്പിന്റെ കീഴിൽ എന്തെങ്കിലും പദ്ധതികൾ ഉണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ; | എ) | മാനസിക രോഗത്തിന് ചികിത്സ ലഭ്യമായിട്ടുള്ള എല്ലാ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതിയിൽപ്പെടുത്തി മാനസിക അസ്വാസ്ഥ്യമുള്ള പട്ടികവർഗക്കാർക്ക് പൂർണ്ണമായും സൗജന്യ ചികിത്സ നൽകി വരുന്നുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിലെ വിതുര പഞ്ചായത്തിലെ പട്ടികവർഗ്ഗ ത്തിൽപ്പെട്ട മാനസിക അസ്വാസ്ഥ്യമനുഭവിക്കുന്നവർ ഉൾപ്പെടെയുള്ള ഭിന്നശേഷിക്കാരുടെ പുനരധിവാസ ത്തിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ തയ്യാറാക്കി പട്ടികവർഗ്ഗ വികസന വകുപ്പിന് സമർപ്പിച്ച പദ്ധതിക്ക് ഭരണാനുമതി നൽകുകയും ഈ പദ്ധതിയ്ക്കായി 24,60,000/- രൂപ പട്ടികവർഗ്ഗ വികസന വകുപ്പ് കേരള സാമൂഹ്യ സുരക്ഷാ മിഷന് അനുവദിച്ച നൽകുകയും പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | ഇത്തരത്തിൽപ്പെട്ടവരെ സംരക്ഷിക്കുന്നതിനും ചികിത്സിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ? | ബി) | സംസ്ഥാനത്തെ തെരഞ്ഞെടുത്ത 100 പഞ്ചായത്തുകളിലെ പട്ടികവർഗ്ഗത്തിൽപ്പെട്ട മാനസിക അസ്വാസ്ഥ്യമനുഭവിക്കുന്നവരുൾപ്പെടെയുള്ള ഭിന്ന ശേഷിക്കാരുടെ പുനരധിവാസത്തിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ പട്ടികവർഗ്ഗ വികസന |

| | | | |
|---|---|---|---|
| | | | വകുപ്പിന് സമർപ്പിച്ച പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ തീരുമാനപ്രകാരം അട്ടപ്പാടിയിലെ കാവുണ്ടിക്കൽ എന്ന സ്ഥലത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 'കാരുണ്യാശ്രമം' എന്ന അഗതി മന്ദിരം പുനരുദ്ധാരണം ചെയ്ത് 'പുനർജ്ജനി' എന്ന പേരിൽ മാനസിക ആരോഗ്യ പ്രശ്നമുള്ളവർക്ക വേണ്ടിയുള്ള കെയർ ഹോം ആയി പ്രവർത്തനം ആരംഭിക്കുന്നതിന് സാമൂഹ്യ നീതി വകുപ്പ് സമർപ്പിച്ച ശിപാർശ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**